# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 22** **28/11/2025**

# സഭയുടെ ശിക്ഷണക്രമത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന വർഷം

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ യൗസേപ്പ് സ്രാമ്പിക്കൽ തന്റെ രൂപതയിലെ വൈദികർക്കും മ്ശംശാനാമാർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

ഈ വർഷം, നമ്മുടെ പഞ്ചവത്സര അജപാലനപദ്ധതിയായ, 'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്നതിന്റെ നാലാം വർഷത്തിലേക്കു നമ്മൾ പ്രവേശിക്കുകയാണ്. സഭാ ശിക്ഷണക്രമത്തിനായി (Ecclesiastical Discipline) ഈ വർഷം (2025 നവംബർ 30 മുതൽ 2026 നവംബർ 28 വരെ) നമ്മൾ സമർപ്പിക്കുന്നു.

ശിക്ഷണം (discipline) എന്ന വാക്കുകേൾക്കുമ്പോൾ, നമ്മൾ പലപ്പോഴും കർശനമായ നിയമങ്ങളെക്കുറിച്ചോ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിനെക്കുറിച്ചോ അല്ലെങ്കിൽ ശിക്ഷയെക്കുറിച്ചോ ആവാം ചിന്തിക്കുന്നത്. എന്നാൽ ഈ വാക്കുണ്ടായത് ഉപദേശവും പരിശീലനവും എന്നർത്ഥമുള്ള 'ഡിഷിപ്ലീന' (disciplina) എന്ന ലത്തീൻ പദത്തിൽനിന്നാണ്. തിരുസഭയിൽ ഇതു വളരെ പ്രധാനപ്പെട്ടതാണ്. സഭയുടെ ശിക്ഷണക്രമം എന്നത്, മറ്റെന്തിനെക്കാളും ഉപരിയായി, നമ്മെ ക്രൈസ്തവജീവിതശൈലി പഠിപ്പിക്കുന്നതിനും രൂപീകരിക്കുന്നതിനുമുള്ളതാണ്. അതു നമ്മിലോരോരുത്തരെയും ഈശോയെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും അനുഗമിക്കാനും സഹായിക്കുന്നു, കൂടാതെ അവിടുത്തെ ജീവിതത്തെയും വ്യക്തിത്വത്തെയുംകുറിച്ചുള്ള ആഴമുള്ളതും ഹൃദയംഗമവുമായ ബോധ്യത്തിൽ വളരാനും സഹായിക്കുന്നു. സഭയുടെ ശിക്ഷണക്രമത്തിന്റെ വിവിധ വശങ്ങൾ നമുക്കു തുടർന്നു പരിശോധിക്കാം.

### 1. കാനൻ നിയമവും കൂട്ടായ്മയും സാർവ്വത്രിക സഭാജീവിതത്തിൽ

ക്രൈസ്തവജീവിതം ഒരു കൂട്ടായ്മയുടെ (communion) ജീവിതമാണ്. അത് അത്യന്തം പരിശുദ്ധ ത്രിത്വമായ ദൈവത്തോടും നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായോടുമുള്ള കൂട്ടായ്മയാണ്. നമുക്കു ദൈവവുമായി കൂട്ടായ്മയിലായിരിക്കണമെങ്കിൽ, നമ്മൾ സഭയുമായും കൂട്ടായ്മയിലായിരിക്കണം. സഭ ത്രിത്വത്തിന്റെ വാസസ്ഥലവും മിശിഹായുടെ മണവാട്ടിയുമാണ്. പരിശുദ്ധ ത്രിത്വവുമായും തന്മൂലം സഭയുമായും ഈ കൂട്ടായ്മയിൽ നമ്മെ നിലനിർത്താൻ സഹായിക്കുന്ന ഒരു ജീവിതരീതിയുണ്ട്. ഇതിനെക്കുറിച്ച് വിശുദ്ധ പൗലോസ് തിമോത്തിയോസിനുള്ള ഒന്നാം ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു: "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിന്റെ സഭയെന്ന ദൈവഭവനത്തിൽ ആളുകൾ എങ്ങനെ പെരുമാറണം എന്നു നിനക്കറിയാമല്ലോ" (1 തിമോത്തി 3:15). പരിശുദ്ധ കത്തോലിക്കാസഭയിൽ, കൂദാശകൾ നമ്മെ ഈ കൂട്ടായ്മയിലേക്ക് ആകർഷിക്കുന്നു. പരിശുദ്ധ മാമ്മോദീസയും പരിശുദ്ധ കുർബാനയും മിശിഹായുമായും അത്യന്തം പരിശുദ്ധ ത്രിത്വവുമായുമുള്ള ഐക്യത്തിലേക്കു നമ്മെ കൂടുതൽ ആഴത്തിൽ നയിക്കുന്നു.

അതേസമയം, പരിശുദ്ധ കത്തോലിക്കാസഭതന്നെ ഒരു കൂട്ടായ്മയാണ്. അതു വിവിധ ശ്ലൈഹികപാരമ്പര്യങ്ങളുള്ള സഭകളുടെ ഒരു കുടുംബമാണ്. 24 സ്വയംഭരണാധികാരമുള്ള (sui iuris) അഥവാ സ്വയം ഭരണമുള്ള സഭകളുണ്ട്. ഇവയെല്ലാം മിശിഹായുടെ വികാരിയും വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായ റോമിലെ മെത്രാനുമായി പൂർണ്ണ കൂട്ടായ്മയിലാണ്. ഈ കൂട്ടായ്മ നന്നായി ജീവിക്കാൻ നമ്മെ സഹായിക്കുന്നതിനായി, നമ്മുടെ മാതൃസഭ തന്റെ നിയമങ്ങളിലൂടെയും മാനദണ്ഡങ്ങളിലൂടെയും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. ഇവ പ്രധാനമായും രണ്ടു സംഹിതകളിലാണ് (Codes) കാണപ്പെടുന്നത്: ലത്തീൻ സഭയ്ക്കുള്ള കാനൻ നിയമസംഹിത (Code of Canon Law - CIC), നമ്മുടെ സീറോ-മലബാർ സഭ ഉൾപ്പെടെയുള്ള പൗരസ്ത്യ കത്തോലിക്കാസഭകൾ

ക്കുള്ള പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത (Code of Canons of the Eastern Churches - CCEO). ഇതിനോടുകൂടെ, സീറോ-മലബാർ സഭയുടെ പ്രത്യേക നിയമങ്ങളും ചട്ടങ്ങളും, ഇവിടെ ഗ്രേറ്റ് ബ്രിട്ടനിലെ നമ്മുടെ രൂപതയുടെ (Eparchy) ചട്ടങ്ങളും നമ്മൾ പിന്തുടരുന്നു. ഈ നിയമങ്ങളും മാനദണ്ഡങ്ങളുമെല്ലാം റോമിലെ മെത്രാന്റെ പരമോന്നത അധികാരത്തിൻ കീഴിൽ ഐക്യത്തോടെ പ്രവർത്തിക്കുന്നു. ഒരു യഥാർത്ഥ വിശുദ്ധ ക്രൈസ്തവ ജീവിതം - മാർത്തോമ്മാ നസ്രാണികൾ എന്ന നിലയിൽ - നയിക്കാൻ, നമ്മൾ സഭയുടെ ശിക്ഷണക്രമം (ecclesiastical discipline) മനസ്സിലാക്കുകയും പിന്തുടരുകയും ചെയ്യേണ്ടതുണ്ട്.

### 2. ഗ്രേറ്റ് ബ്രിട്ടനിലെ സിറോ-മലബാർ എപ്പാർക്കിയും അതിന്റെ ദൗത്യവും

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പാ സ്ഥാപിച്ച ഗ്രേറ്റ് ബ്രിട്ടനിലെ സീറോ-മലബാർ എപ്പാർക്കി, ഗ്രേറ്റ് ബ്രിട്ടനിൽ താമസിക്കുന്ന സീറോ-മലബാർ വിശ്വാസികൾക്കു ലഭിച്ച അമൂല്യമായ സമ്മാനമാണ്. സീറോ-മലബാർ സഭയിലെ വിശ്വാസികൾക്ക് അവരുടെ സ്വന്തം പാരമ്പര്യം, ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം എന്നിവയിൽ ജീവിക്കാനും വളരാനും വേണ്ടിയാണ് പരിശുദ്ധ പിതാവ് ഈ രൂപത സ്ഥാപിച്ചത്. ആഗോളവൽക്കരണത്തിന്റെയും വലിയതോതിലുള്ള കുടിയേറ്റത്തിന്റെയും ഈ കാലഘട്ടത്തിൽ, മാർത്തോമ്മാ നസ്രാണികൾ എന്ന നമ്മുടെ വ്യക്തിത്വം ക്രമേണ നഷ്ടപ്പെട്ടുപോകാനുള്ള അപകടമുണ്ട്. വിശാലമായ സമൂഹത്തിലേക്കുള്ള ഏകീകരണവും പ്രാദേശികസഭയുമായുള്ള കൂട്ടായ്മയും അത്യന്താപേക്ഷിതമാണെങ്കിലും, ഓരോ സ്വയാധികാര (sui iuris) സഭയുടെയും പാരമ്പര്യങ്ങൾ, അതിലെ വിശ്വാസികൾ എവിടെയായിരുന്നാലും, സംരക്ഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യണമെന്നു സാർവ്വത്രിക കത്തോലിക്കാസഭ ശക്തമായി ആഗ്രഹിക്കുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം, ഇതിനർത്ഥം നമ്മുടെ തനതായ മാർത്തോമ്മാ നസ്രാണി പാരമ്പര്യം - നമ്മുടെ ആരാധനക്രമപരവും ദൈവശാസ്ത്രപരവും ആധ്യാത്മികവും ശിക്ഷണക്രമപരവുവുമായ ജീവിതത്തിലൂടെ പ്രകടമാക്കപ്പെടുന്നതും മൊത്തത്തിൽ നമ്മൾ മാർത്തോമ്മാ മാർഗ്ഗം എന്നു വിളിക്കുന്നതുമായ ഈ പാരമ്പര്യം - സംരക്ഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും അടുത്ത തലമുറയ്ക്കു കൈമാറപ്പെടുകയും വേണം. ഈ പൈതൃകം സംരക്ഷിക്കുന്നതിനും അതു വിശ്വസ്തതയോടെ ജീവിക്കാൻ നമ്മെ സഹായിക്കുന്നതിനും കത്തോലിക്കാസഭ പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത (CCEO) വഴിയും സീറോ-മലബാർ സഭയുടെ പ്രത്യേക നിയമങ്ങളും ചട്ടങ്ങളും വഴിയും ശിക്ഷണക്രമത്തിന്റെ വ്യക്തമായ ഒരു ഘടന നൽകുന്നുണ്ട്.

### 3. നവീകരണത്തിനായുള്ള ക്ഷണം

എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ പ്രിയപ്പെട്ട സീറോ-മലബാർ സഭയുടെ നിയമങ്ങൾ പഠിക്കാനും മനസ്സിലാക്കാനും ജീവിക്കാനുമുള്ള ഒരു സമയമായി ഈ ശിക്ഷണക്രമവർഷത്തെ മാറ്റാൻ എല്ലാ വൈദികരേയും സന്ന്യസ്തരേയും അൽമായവിശ്വാസികളേയും ഞാൻ ക്ഷണിക്കുന്നു. നമുക്കു ശിക്ഷണക്രമമുള്ള, അച്ചടക്കമുള്ള, ഒരു ക്രൈസ്തവ, ആരാധനക്രമ, ആധ്യാത്മിക ജീവിതം സ്വീകരിക്കാം. ഇതു നമ്മെ മിശിഹായുമായും പരസ്പരവും സാർവ്വത്രിക കത്തോലിക്കാ സഭയുമായുമുള്ള കൂട്ടായ്മയിലേക്കും ആഴത്തിൽ നയിക്കും. സഭയുടെ ശിക്ഷണക്രമത്തിലുള്ള നമ്മുടെ വിശ്വസ്തത ഈ നാട്ടിൽ നമ്മുടെ മാർത്തോമ്മാ നസ്രാണി വ്യക്തിത്വം ജീവിക്കാനും നമ്മുടെ ആരാധനക്രമം ഭക്തിയോടെ ആഘോഷിക്കാനും നമ്മുടെ പാരമ്പര്യത്തിന്റെ ആത്മീയ സമ്പന്നത നിലനിർത്താനും നമ്മെ സഹായിക്കട്ടെ. നമ്മുടെ അച്ചടക്കമുള്ള ക്രൈസ്തവ ജീവിതം നാം കണ്ടുമുട്ടുന്ന എല്ലാവർക്കും സുവിശേഷത്തിന് ഒരു സാക്ഷ്യമാകട്ടെ. കൂടാതെ സഭയുടെ എല്ലാ ശിക്ഷണക്രമത്തിന്റെയും അന്തിമ ലക്ഷ്യമായ നിത്യജീവനുള്ള ഒരു ഒരുക്കവുമാകട്ടെ.

### ഈ വർഷത്തെ ലക്ഷ്യങ്ങളും കർമ്മപദ്ധതികളും താഴെക്കൊടുക്കുന്നു

### അഞ്ചു ലക്ഷ്യങ്ങൾ

1. സഭയുടെ ശിക്ഷണക്രമത്തേക്കുറിച്ചും അതിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും വിശ്വാസികളെ പഠിപ്പിക്കുക.
2. ആരാധനാക്രമപരമായ അച്ചടക്കത്തേക്കുറിച്ച് അവബോധം വളർത്തുക.
3. പള്ളിയോഗപാരമ്പര്യം സംരക്ഷിക്കുക.
4. പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത (CCEO), സീറോ-മലബാർ സഭയുടെ പ്രത്യേകനിയമം (Particular Law), ഗ്രേറ്റ് ബ്രിട്ടണിലെ സീറോ-മലബാർ എപ്പാർക്കിയുടെ ചട്ടങ്ങൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുക.
5. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും (CCC), മിസ്റ്റഗോജിക്കൽ മതബോധനവും (mystagogical catechesis) വിശ്വാസികളെ പരിചയപ്പെടുത്തുക.

**ഒൻപത് കർമ്മപദ്ധതികൾ**

1. വ്യക്തിഗത സഭകളുടെ കൂട്ടായ്മ എന്ന നിലയിലുള്ള കത്തോലിക്കാ സഭയുടെ ഘടനയെക്കുറിച്ചും, ഒരു സ്വയംഭരണാധികാരമുള്ള സഭയിലെ (Church sui iuris) അംഗത്വത്തെക്കുറിച്ചും ബോധവത്കരണപരിപാടികൾ നടത്തുക; സഭയുടെ ശിക്ഷണക്രമത്തെക്കുറിച്ചു രൂപതാതലത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുക.

2. രൂപതാ നിയമാവലി രൂപീകരിക്കുക.

3. താഴെക്കൊടുത്തിരിക്കുന്ന കാര്യങ്ങളിലൂടെ ഇടവക ഭരണം ക്രമപ്പെടുത്തുക:
   - ഓരോ ഇടവക/മിഷൻ/നിർദ്ദിഷ്ട മിഷനിലും ശരിയായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുക.
   - ഓരോ ഇടവക/മിഷൻ/നിർദ്ദിഷ്ട മിഷന്റെയും പ്രവർത്തനങ്ങളും രേഖകളും നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക.
   - ഇടവകകൾ/മിഷനുകൾ/നിർദ്ദിഷ്ട മിഷനുകൾ, റീജിയണുകൾ എന്നിവയുടെ അതിരുകൾ നിർവ്വചിക്കുക.
   - പാരിഷ് കൗൺസിൽ അംഗങ്ങളെയും കൈക്കാരന്മാരെയും തിരഞ്ഞെടുക്കുന്നതിന് ഏകീകൃതമായ സമയക്രമം സ്ഥാപിക്കുക.

4. ഇടവകകളുടെ ഭൗതികവും ആത്മീയവുമായ ഭരണത്തിൽ അൽമായരുടെ പങ്കിനെക്കുറിച്ചും പള്ളിയോഗത്തിന്റെ ധർമ്മത്തെക്കുറിച്ചും പാരിഷ് കൗൺസിൽ അംഗങ്ങൾക്കു പരിശീലനം നൽകുക.

5. പ്രാരംഭ കൂദാശകളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുക.

6. വിവാഹ മാനദണ്ഡങ്ങളെക്കുറിച്ചും വിവാഹ അസാധുവാക്കൽ നടപടിക്രമങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ നടത്തുക.

7. ഓരോ ഇടവക/മിഷൻ/നിർദ്ദിഷ്ട മിഷനിലും മെത്രാന്റെ അജപാലന സന്ദർശനം നടത്തുക.

8. രൂപതയിലെ വിവിധ കമ്മീഷനുകൾക്കും സംഘടനകൾക്കുമുള്ള ചട്ടങ്ങൾ തയ്യാറാക്കുക.

9. മറ്റു വ്യക്തിഗത സഭകളുമായി അടുത്ത സഹകരണം പ്രോത്സാഹിപ്പിക്കുക.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കർമ്മപദ്ധതികൾ നടപ്പാക്കുന്നതിനും കഠിനാധ്വാനം ചെയ്യാൻ സഹോദരസ്നേഹത്തോടെ നിങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു, അതുവഴി നമുക്കു നമ്മുടെ വിശ്വാസം സത്യമായി ജീവിക്കാനും ഗ്രേറ്റ് ബ്രിട്ടണിൽ വിശ്വസ്തരായ മാർത്തോമ്മാ നസ്രാണികളായി തുടരാനും സാധിക്കും.

നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ കൂട്ടായ്മയും ഇപ്പോഴും എന്നേക്കും നമ്മോടുകൂടെയുണ്ടായിരിക്കുമാറാകട്ടെ. ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടനിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2025 നവംബർ 30-നു വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).